**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 760** **17-09-2025 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിലെ സബ്സ്റ്റേഷനുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിൽ പുതിയതായി വിഭാവനം ചെയ്യാൻ ഉദ്ദേശിക്കുന്ന എടയൂർ 110 കെ.വി., വലിയകുന്ന് 33 കെ.വി. എന്നീ സബ്സ്റ്റേഷനുകളുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ; | (എ) | കോട്ടക്കൽ മണ്ഡലത്തിൽ വിഭാവനം ചെയ്ത 110 കെവി എടയൂർ സബ്സ്റ്റേഷനു വേണ്ടി മാവണ്ടിയൂർ പ്രദേശത്ത് ലഭ്യമാക്കുമെന്ന് കരുതിയ ഭൂമി തരം മാറ്റാൻ കഴിയാത്ത സാഹചര്യത്തിൽ കെ.എസ്.ഇ.ബി.എൽ. പുതിയ സ്ഥലം ലഭിക്കാനായി അന്വേഷണം നടത്തുകയാണ് എന്നും വലിയകുന്ന് 33 കെ.വി സബ്സ്റ്റേഷന് ആവശ്യമായ സ്ഥലം ഇനിയും ലഭ്യമായിട്ടില്ല എന്നും കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സബ്സ്റ്റേഷനുകളുടെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | സബ്സ്റ്റേഷനുകൾക്കാവശ്യമായ ഭൂമി ലഭ്യമാക്കാൻ തയ്യാറായ സ്ഥലമുടമകളെ കണ്ടെത്താനായിട്ടില്ല. എന്നും സ്ഥലത്തിനായുള്ള അന്വേഷണം പുരോഗമിക്കുകയാണെന്നും കെ. എസ്. ഇ. ബി എൽ അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതികൾ ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; സബ്സ്റ്റേഷനുകളുടെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ? | (സി) | ടി സബ്സ്റ്റേഷനുകളുടെ നിർമ്മാണത്തിന്റെ പ്രാരംഭ ഘട്ടത്തിലെ ലോഡ്ഫ്ലോ സ്റ്റഡി നടത്തിയിട്ടുണ്ട്. ഭൂമി ലഭ്യമാകുന്ന മുറക്ക് എസ്റ്റിമേറ്റ്, DPR തയ്യാറാക്കി ഭരണാനുമതി ലഭ്യമായതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാനാകൂ. |

സെക്ഷൻ ഓഫീസർ